LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ നിരവധി പദ്ധതികളും സ്റ്റേറ്റ് ഡാറ്റാ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സെക് വാൻ തുടങ്ങിയ ഐ.ടി. അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പാക്കി വരുന്നതിന് പുറമെ സർവ്വീസ് പ്ലസ്, ഇ-ഓഫീസ്, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് തുടങ്ങിയ നൂതന പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഇ-ഗവേണൻസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി&ഡി) നൂതന ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ, സർവീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയ ബന്ധിതമായും കാര്യക്ഷമതയോടുകൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാന അപ്പക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികൾ

329 (669) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളുടെ പേരുവിവരം ജീവനക്കാരുടെ എണ്ണം സഹിതം പ്രത്യേകമായി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പാർക്കുകളിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പേരുവിവരം സഹിതം അറിയിക്കുമോ ;

(സി) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥാപനങ്ങൾ ഐ.ടി. (IT) പാർക്കുകളിൽ ആരംഭിക്കുവാനുള്ള തീരുമാനം അടിയന്തരമായി കൈക്കൊള്ളുമോ ;

(ഡി) ഐ.ടി (IT) മേഖലയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിന് എല്ലാ ജില്ലകളിലും ഐ.ടി.(IT) പാർക്കുകളുടെ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് ശ്രമമുണ്ടാകുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി)

1. NRHM (National Rural Health Mission)
2. State Data Centre
3. KSITIL
4. ICT Academy
5. IIITM-K

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സർക്കാർ മേഖലയിൽ സംസ്ഥാനമൊട്ടാകെ ഐ.ടി. പാർക്കുകൾ നിർമ്മിക്കുക എന്നത് പ്രായോഗികവും പ്രാവർത്തികവുമല്ല. പ്രധാന നഗരങ്ങളായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവ ഐ.ടി. ഹബ്ബുകളായും മറ്റ് നഗരങ്ങളായ കൊല്ലം, ചേർത്തല, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ പ്രദേശങ്ങൾ സ്പോക്കുകളായും വികസിപ്പിച്ചുവരുന്നു. കോട്ടയം ജില്ലയിലെ പാലായിൽ INFOCITY എന്ന പേരിൽ ഒരു ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന സംസ്ഥാനമൊട്ടാകെ ഐ.ടി. വികസനം വ്യാപിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് ജില്ലയിൽ ഹാംലെറ്റ് പദ്ധതികളിൽ

330 (670) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളിലാണ് വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly